# അനാട്ടമി ഡിപ്പാർട്ട്മെന്റ്

## ഗവ. മെഡിക്കൽ കോളേജ്, മഞ്ചേരി

**മൃതദേഹം മെഡിക്കൽ കോളേജിലേക്ക് ദാനം ചെയ്യുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ**

മരണാനന്തരം മൃതശരീരം സംസ്കരിക്കുന്നതിനു പകരം പഠനാവശ്യത്തിനായി ദാനം ചെയ്യുന്നപക്ഷം മാനവരാശിയുടെ ആരോഗ്യപരമായ അതിജീവനത്തിനായി ലോകമെമ്പാടുമുള്ള പരിശ്രമങ്ങളിൽ നമ്മളും പങ്കാളികളാകുന്നു.

- മാനവികതയെ സേവിക്കുന്നതിനും അഭിമാനകരമായ ഒരു ശരീരദാതാവാകുന്നതിനും മൃതദേഹം സംഭാവന ചെയ്യാൻ താല്പര്യമുള്ളവർ നിർദ്ദിഷ്ട മാതൃകയിൽ 100 രൂപയുടെ മുദ്രപത്രത്തിൽ സത്യവാങ്മൂലം മഞ്ചേരി ഗവൺമെന്റ് മെഡിക്കൽ കോളേജ് അനാട്ടമി വിഭാഗം പ്രൊഫസർക്ക് നൽകേണ്ടതാണ്.
- ദാതാവിന്റെ നിയമപരമായ എല്ലാ അവകാശികളുടെയും സമ്മതം നിർബന്ധമാണ്. ബന്ധുക്കൾ ഇല്ലാത്തപക്ഷം അക്കാര്യം വ്യക്തമാക്കിയിരിക്കണം.
- സമ്മതപത്രത്തിൽ എല്ലാ അവകാശികളും രണ്ട് സാക്ഷികളും ഒപ്പിട്ടിരിക്കണം
- സമ്മതപത്രത്തിനൊപ്പം ദാതാവിന്റെ 2 ഫോട്ടോയും, ആധാർ കാർഡിന്റെ കോപ്പിയും കൂടാതെ എല്ലാ അനന്തരാവകാശികളുടെയും, സാക്ഷികളുടെയും ആധാർ കാർഡിന്റെ കോപ്പികളും സമർപ്പിക്കേണ്ടതാണ്.
- രേഖകൾ സമ്പൂർണ്ണമായി സമർപ്പിച്ച് കഴിഞ്ഞാൽ ദാതാവിനെ രജിസ്റ്റർ ചെയ്ത **''ബോഡി ഡോണർ ഐഡി കാർഡ്''** നൽകുന്നതാണ്. ഈ കാര്യം ഉറ്റവരെയും ബന്ധുമിത്രാദികളെയും അറിയിച്ചിരിക്കണം. ഈ കാർഡ് എപ്പോഴും കൈവശം ഉണ്ടായിരിക്കണം.
- മരണശേഷം ആറുമണിക്കൂറിനുള്ളിൽ മൃതശരീരം മെഡിക്കൽ കോളേജിൽ എത്തിക്കണം. ആറുമണിക്കൂറിൽ കൂടുതൽ സമയം എടുക്കുമെങ്കിൽ ശരീരം ഫ്രീസറിൽ സൂക്ഷിച്ചിട്ടായിരിക്കണം അനാട്ടമി ഡിപ്പാർട്ട്മെന്റിലേക്ക് എത്തിക്കേണ്ടത്. ആംബുലൻസ് സൗകര്യം ഏർപ്പാട് ചെയ്ത് തരുന്നതാണ്.
- പോസ്റ്റ്മോർട്ടത്തിന് വിധേയമായ മൃതദേഹങ്ങൾ ദാനം ചെയ്യാൻ രജിസ്റ്റർ ചെയ്തതാണെങ്കിൽ കൂടി അവ സ്വീകരിക്കാൻ കഴിയില്ല എന്ന് അറിയിക്കുന്നതിൽ ഖേദിക്കുന്നു.
- കൂടുതൽ വിവരങ്ങൾക്കും സംശയ നിവൃത്തിക്കും താഴെ നൽകിയിരിക്കുന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

ഡോ. സതീദേവി.വി.കെ. - +919446435566
**പ്രൊഫസർ - അനാട്ടമി ഡിപ്പാർട്ട്മെന്റ്**

0483-2764056
**പ്രിൻസിപ്പാൾ ഓഫീസ്**

## മോർഷ്വി വൈവോസ് ഡോസന്റ്

## (അന്തരിച്ചവർ ജീവിക്കുന്നവരെ പഠിപ്പിക്കുന്നു!)

എല്ലാ രേഖകളും പോസ്റ്റലായി അനാട്ടമിയിലേക്ക് അയച്ചു തന്നാൽ **''ബോഡി ഡോണർ ഐഡി കാർഡ്''** തിരിച്ച് അഡ്രസ്സിലേക്ക് അയച്ചു തരുന്നതാണ്. നേരിട്ട് വരണമെന്ന് നിർബന്ധമില്ല. ദാതാവിന്റെ ഫോൺ നമ്പർ വ്യക്തമായി എഴുതിയിരിക്കണം.

# **സമ്മതപത്രം**

.................................................................................................... താലൂക്ക് .......................................................................................... വില്ലേജ് ................................................................................................. ദേശത്ത് ................................................................................. വീട്ടിൽ .................................................................................................... മകൻ / മകൾ ............................ വയസ്സ്, എന്ന ഞാൻ മഞ്ചേരി മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ അവർകൾ മുമ്പാകെ സമർപ്പിക്കുന്ന സത്യവാങ്മൂലം

എന്റെ ശരീരം മരണാനന്തരം, വൈദ്യശാസ്ത്ര വിദ്യാർഥികളുടെ പഠനത്തിന് ഉപകരിക്കുന്നതിനുവേണ്ടി മഞ്ചേരി മെഡിക്കൽ കോളേജിലേക്ക് വിട്ടുകൊടുക്കുന്നതിന് സ്വമേധയാ തയ്യാറാണെന്നന്നുള്ള വിവരം താഴെ കാണിച്ചിരിക്കുന്ന സാക്ഷികളുടെ സാന്നിദ്ധ്യത്തിൽ, ഇതിനാൽ രേഖപ്പെടുത്തിക്കൊള്ളുന്നു.

ഒപ്പ് :

പേര് :

പൂർണമായ മേൽവിലാസം :

എന്റെ പിതാവിന്റെ / മാതാവിന്റെ / സഹോദരന്റെ / സഹോദരിയുടെ / മകന്റെ / മകളുടെ / ഭാര്യയുടെ / ഭർത്താവിന്റെ (മരിച്ചയാളുമായുള്ള ബന്ധം വ്യക്തമാക്കണം) ശരീരം മരണാനന്തരം മെഡിക്കൽ വിദ്യാർഥികളുടെ പഠനത്തിനുവേണ്ടി മഞ്ചേരി മെഡിക്കൽ കോളേജിലേക്ക് വിട്ടുകൊടുക്കുന്നതിന് എനിക്ക് പൂർണ്ണസമ്മതമാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തിക്കൊള്ളുന്നു. (അവകാശികൾ എത്ര പേരുണ്ടോ അത്രയും ആളുകൾ താഴെ പേരെഴുതി, ഒപ്പിട്ട്, വ്യക്തമായ മേൽവിലാസവും രേഖപ്പെടുത്തേണ്ടതാണ്.)

ഒപ്പ് :

പേര് :

പൂർണമായ മേൽവിലാസം :

GOVERNMENT MEDICAL COLLEGE MANJERI

സാക്ഷികൾ :

1.

2.

തീയതി :
സ്ഥലം :